# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1694** — **21.01.2014-ൽ മറുപടിക്ക്**

## പരക്കാട് കൃഷി ഫാമിൽ സെപ്റ്റേജ് മാലിന്യസംസ്കരണ പ്ലാന്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ചേലക്കര മണ്ഡലത്തിലെ പരക്കാട് കൃഷിഫാമിൽ സെപ്റ്റേജ് മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചിരുന്നതായി അറിയുമോ ; | എ) അറിയാം. |
| ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ: | ബി) സർക്കാർ ഉത്തരവ് (സാധാ)നം. 1677/2011/തസ്വഭവ. തീയതി 14/07/2011 പ്രകാരം ജില്ലാ കളക്ടറുടെ ശുപാർശ പരിഗണിച്ച് ചേലക്കര മണ്ഡലത്തിലെ പരക്കാട് കൃഷി ഫാമിൽ സെപ്റ്റേജ് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിരുന്നു. |
| സി) കൃഷി വകുപ്പിന്റെ അനുമതിയോടെയാണോ ഇതിനുള്ള നടപടികൾ തുടങ്ങിയതെന്നും വകുപ്പ് ഇതിനുള്ള അനുമതി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ; | സി) കൃഷി വകുപ്പിന്റെ അനുമതി ഇല്ലാതെയാണ് നടപടികൾ തുടങ്ങിയത്. |
| ഡി) ഈ മാലിന്യസംസ്കരണ പ്ലാന്റിനെതിരെ മണ്ഡലത്തിലെ എം.എൽ.എ. യും ഗ്രാമപഞ്ചായത്തും മറ്റെല്ലാ രാഷ്ട്രീയ സാംസ്കാരിക സംഘടനകളും ആക്ഷൻ കൗൺസിൽ രൂപീകരിച്ച് പ്രക്ഷോഭം ആരംഭിക്കുകയും അതിന്റെ നിവേദനം സർക്കാരിന് നൽകുകയും | ഡി) 16/08/2013-ലെ DPT/04/1194/12 നമ്പർ കത്ത് പ്രകാരം തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ 30/07/2013-ൽ നടന്ന ജില്ലാ പഞ്ചായത്ത് സാധാരണ/അടിയന്തിര യോഗത്തിലെ 13-ാം നമ്പർ തീരുമാന പ്രകാരം നിർദ്ദിഷ്ട പ്രദേശം ജനവാസമുള്ളതാണെന്നും വിഷയത്തിൽ പ്രദേശ വാസികളുടെ ശക്തമായ എതിർപ്പ് ഉള്ളതുകൊണ്ട് നിർദ്ദിഷ്ട സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് |

ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

സ്ഥാപിക്കുന്നതിലേയ്ക്ക് വനമേഖലയിൽ ഉചിതമായ സ്ഥലം കണ്ടെത്തുന്നതിന് സർക്കാരിയോട് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചതായും അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 04/09/2013-ലെ 1096/സി1/2012/എസ്.എം. കത്ത് പ്രകാരം ഈ വിവരം ശുചിത്വമിഷൻ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

ഇ) ടി നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

ബഹു.ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 13 ജില്ലകളിൽ (കാസർഗോഡ് ഒഴികെ) സെപ്റ്റേജ്, പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി കൈക്കൊണ്ടു വരുന്നു. തൃശ്ശൂരിൽ വേറെ സ്ഥലം കണ്ടുപിടിക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ ചേലക്കര അഗ്രികൾച്ചറൽ ഫാമിലെ സ്ഥലം ഉപയോഗപ്പെടുത്താനും ആയതുകൊണ്ട് സമീപ വാസികൾക്കോ പരിസ്ഥിതിക്കോ ദോഷം ഉണ്ടാകുകയില്ലെന്ന് കണ്ടതിനാലും സംസ്കരിച്ച ജലം ജലസേചനത്തിലും ശേഷിക്കുന്ന ചണ്ടി വളമായും ഉപയോഗിക്കാൻ കഴിയുമെന്നതിനാൽ ഈ സ്ഥലം സർക്കാർ തലത്തിലുള്ള തീരുമാന പ്രകാരം ഒഴിവാക്കികാണുന്നില്ല.

എഫ്) പരക്കാട് കൃഷി ഫാമിലെ ഭൂമി കാർഷികാവശ്യത്തിനു വേണ്ടിയല്ലാതെ മറ്റൊരാവശ്യത്തിനും ഉപയോഗിക്കുകയില്ലെന്ന സർക്കാർ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മാലിന്യസംസ്കരണ പ്ലാന്റ് സംബന്ധിച്ച നടപടികൾ പൂർണ്ണമായും നിറുത്തി വച്ചുവെന്ന് ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ?

എഫ്) ഇതു സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ